Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2019/1629 (4) തീയതി : 27.02.2019

# സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സ്കൂളുകൾക്ക് വിതരണം ചെയ്ത ഐ.ടി അനുബന്ധ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ - നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയും കൈറ്റുമായി 27.02.2019 ന് ഒപ്പുവച്ച ധാരണാപത്രം.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം സർക്കാർ, എയിഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വിതരണം ചെയ്ത 59772 ലാപ്ടോപ്പ്, 43422 പ്രൊജക്ടർ, 4714 ഡി.എസ്.എൽ.ആർ ക്യാമറ, 4545 എൽ.ഇ.ഡി. ടി.വി., 4720 വെബ്ക്യാം, 23104 പ്രൊജക്ഷൻ സ്ക്രീൻ, 41878 എച്ച്.ഡി.എം.ഐ കേബിൾ, 40614 ഫേസ് പ്ലേറ്റ്, 41789 സീലിംഗ് മൗണ്ട് കിറ്റ്, 42739 യു.എസ്.ബി സ്പീക്കർ, 337 ഡെസ്ക് ടോപ്പ് എന്നീ ഉപകരണങ്ങൾക്ക് (342.8 കോടി രൂപ മൂല്യം) ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിലെ ടി ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇതുസംബന്ധിച്ച താഴെപ്പറയുന്ന
നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിനാണ് ഹൈടെക് ഉപകരണങ്ങൾ സ്കൂളുകൾക്ക് നൽകുന്നത്. പ്രസ്തുത ഉപകരണങ്ങൾ കൃത്യമായി സൂക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനും സ്കൂളുകളിൽ പ്രത്യേക സംവിധാനം ഒരുക്കേണ്ടതാണ്. എന്നാൽ തീപിടുത്തം, മോഷണം, പ്രകൃതിക്ഷോഭം (വെള്ളപ്പൊക്കം, ഭൂചലനം മുതലായവ) എന്നിവമൂലം ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ 24.02.2019 മുതൽ 23.02.2020 വരെ അവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് കൈറ്റ് ഇപ്പോൾ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.
2. ഉപകരണങ്ങൾക്ക് നാശനഷ്ടം സംഭവിച്ചാൽ പ്രസ്തുത വിവരം സ്കൂൾ സ്ഥിതിചെയ്യുന്ന പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിനോടൊപ്പം ഇൻഷ്വറൻസ് കമ്പനിയേയും ഉടൻതന്നെ ടെലിഫോൺമുഖേന അറിയിക്കേണ്ടതാണ് (ഫോൺ : 0470-2622236, 2627620, ഇ-മെയിൽ 100402@uiic.co.in).
3. ഇൻഷ്വറൻസ് ലഭിക്കുന്നതിന് Fire & Allied Perils, Robbery including Theft എന്നീ വിഭാഗങ്ങളിൽ ഏതിലാണോ നഷ്ടം സംഭവിച്ചത് ആയതുമായി ബന്ധപ്പെട്ട ക്ലെയിം ഫോം (www.kite.kerala.gov.in ൽ notification ൽ ലഭ്യമാണ്) പൂരിപ്പിച്ച് പോലീസ്

സ്റ്റേഷനിൽ നിന്നുള്ള എഫ്.ഐ.ആർ സഹിതം ഇൻഷ്വറൻസ് കമ്പനിയിലേയ്ക്കും (100402@uiic.co.in) കൈറ്റ് സ്റ്റേറ്റ് ഓഫീസിലേയ്ക്കും (insurance@kite.kerala.gov.in) ഇ-മെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്. കൂടാതെ ഒറിജിനൽ രേഖകൾ United India Insurance Company Ltd., Ash-Har Complex, Near Municipal Bus Stand, Attingal, Thiruvananthapuram-695010 എന്ന വിലാസത്തിലേയ്ക്ക് തപാലിൽ അയക്കേണ്ടതാണ്.

4. ഉപകരണങ്ങൾ സ്കൂൾ കാമ്പസിനുള്ളിലായിരിക്കുമ്പോൾ സംഭവിക്കുന്ന കേടുപാടുകൾക്കു മാത്രമേ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. അതിനാൽ ലാപ്ടോപ്പ് പോലെയുള്ള ഉപകരണങ്ങൾ നിലവിലുള്ള നിർദേശങ്ങളനുസരിച്ച് സ്കൂൾ അധികൃതരുടെ അനുവാദത്തോടെ കാമ്പസിനു പുറത്തേയ്ക്ക് കൊണ്ടുപോകുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5. സ്കൂളിലെ ഐ.ടി. ഉപകരണങ്ങൾക്ക് നഷ്ടം സംഭവിച്ചാൽ നഷ്ടപ്പെട്ട ഉപകരണത്തിന്റെ വില, സ്കൂൾ മേൽവിലാസം, ബന്ധപ്പെടേണ്ട വ്യക്തിയുടെ മൊബൈൽ ഫോൺ നമ്പർ തുടങ്ങിയവ ക്ലെയിം ഫാറത്തിൽ ഉൾപ്പെടുത്തി 100402@uiic.co.in OR binoabraham@uiic.co.in ൽ മെയിൽ അയയ്ക്കേണ്ടതാണ്.

6. കവർച്ച, മോഷണം തുടങ്ങിയവമൂലം നഷ്ടപ്പെടുന്ന ഉപകരണങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ നിന്നുള്ള FIR, Non-traceable certificate, Final report എന്നിവ സമർപ്പിക്കുന്നതനുസരിച്ചായിരിക്കും ഇൻഷ്വറൻസ് ലഭിക്കുന്നത്.

**കെ. അൻവർ സാദത്ത്**
വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും
ഹൈടെക് പദ്ധതിയിലുള്ള എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/
വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:
സി.ഇ.ഒ, കിഫ്ബി
പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം
} ആമുഖക്കത്ത് സഹിതം
എല്ലാ എച്ച്.എസ്.ഇ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ/വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടർ/
വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
സ്റ്റോക്ക് ഫയൽ

**UNITED INDIA INSURANCE COMPANY LIMITED**

**REGD & HEAD OFFICE NO 24 WHITES ROAD CHENNAI – 600 014**

## "ALL RISKS" CLAIM FORM

THE ISSUE OF THIS FORM IS NOT TO BE TAKEN AS AN ADMISSION OF LIABILITY

**QUESTIONS TO BE ANSWERED BY THE CLAIMANT**

**POLICY NO.**

**CLAIM NO.**

1. Name of Insured (in full)
2. Address
3. Occupation

| | | |
|---|---|---|
| 4. | When & where did you last see the missing property | |
| 5. | On what day and at what hour did you first discover the loss or damages ? | |
| 6. | State (full particulars must be given) the circumstances of the loss or damage | |
| 7. | If claim is in respect of jewellery, when was the property last overhauled by a jeweler? Give name & address of firm | |
| 8. | Have you informed the Police Authorities? If so, when and where? | |
| 9. | Are you the sole owner of the property damaged or stolen? | |
| 10. | Are there any other insurance upon the same property? If so, give full particulars. | |
| 11. | Have you ever before sustained loss of the same nature? If so, give particulars. | |

I/We the above named do declare and set forth that at or about____________________o'clock on the ______________________, the articles enumerated overleaf, and more particularly described in the list lodged with the Company, were___________ and I/We do further declare that no other person than myself / ourselves has/have an interest in the said property by Bill of Sale, or as Owner, Mortgage Trustee, or otherwise, and that there is no further insurance except as above mentioned, in this Company or any other company, whereof we claim the sum of Rs.______________.

Witness my / our hand this____________ day of _____________ 200 ____.

**Signature of Insured**_______________

**Witness (Sign.)**
**Name**
**Address**

**ALL RISKS CLAIM FORM**

| FULL DESCRIPTION OF STOLEN ARTICLE | NAME & ADDRESS OF PARTY FROM WHOM ARTICLE PURCHASED OR BY WHOM PRESENTED | DATE OF PURCHASE OR PRESENTATION | PRICE PAID | DEDUCTION FOR AGE, USE AND/OR WEAR & TEAR | SUM CLAIMED FOR PRESENT VALUE | ITEM NO. IN THE LIST ATTACHED TO THE POLICY | REMARKS |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

**Signature of Insured**_______________